# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3700 — 11- 11-2019-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങൾ വഴിയുള്ള സേവനങ്ങൾ

ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ.പി.ജെ.ജോസഫ്
ശ്രീ.മോൻസ് ജോസഫ്
ശ്രീ.സി.എഫ്.തോമസ്

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | അക്ഷയ കേന്ദ്രങ്ങളിൽ അനുഭവപ്പെടുന്ന തിരക്കും ഈടാക്കുന്ന അമിതമായ ഫീസും കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ; | (എ) യും (ബി) യും | അക്ഷയ കേന്ദ്രങ്ങളിൽ അനുഭവപ്പെടുന്ന തിരക്ക് ഒഴിവാക്കുവാൻ വേണ്ടി എല്ലാ അക്ഷയകേന്ദ്രങ്ങളിലും ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തി വരുന്നു.<br><br>അക്ഷയ കേന്ദ്രങ്ങളുടെ എണ്ണത്തിലെ കുറവ് നിലവിലുള്ള കേന്ദ്രങ്ങളിൽ തിരക്ക് വർദ്ധിപ്പിക്കുകയും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ സർക്കാർ പുന:പരിശോധിക്കുകയും ഒരു ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി പരിധിയിൽ അനുവദിക്കുന്ന അക്ഷയ കേന്ദ്രങ്ങളുടെ പരമാവധി എണ്ണം സംബന്ധിച്ച് നിലവിലുണ്ടായിരുന്ന വ്യവസ്ഥ ഇപ്പോൾ ഒഴിവാക്കുകയും 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള അകലം 2 കി.മീ യിൽ നിന്ന് 1.5 കി.മീ ആയി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇനി അക്ഷയ കേന്ദ്രങ്ങൾ കൂടുതലായി അനുവദിക്കാൻ സാധിക്കുന്നതാണ്.<br><br>അക്ഷയ കേന്ദ്രങ്ങൾമുഖേന നൽകുന്ന വിവിധ സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച സർവ്വീസ് ചാർജ്ജ് മാത്രമേ ഈടാക്കുവാൻ പാടുള്ളൂ എന്നും |
| (ബി) | കമ്പ്യൂട്ടർ/ഇന്റർനെറ്റ് പരിജ്ഞാനമില്ലാത്തവർക്ക് സേവനം നൽകുവാൻ സ്ഥാപിച്ചിട്ടുള്ള അക്ഷയകേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായുള്ള പരാതികൾക്ക് പരിഹാരം കണ്ടെത്തുമോ; | | |

| | | | |
|---|---|---|---|
| | | | ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് സംബന്ധിച്ച് കൃത്യമായ രസീത് നൽകേണ്ടതാണെന്നും അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ബോർഡ് പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്ക വിധം അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും സേവന നിരക്കുകൾ പൊതുജനങ്ങൾക്ക് മനസിലാക്കുന്നതിനായുള്ള റേറ്റ് മെനു കാർഡ് അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് പ്രദർശിപ്പിക്കുന്നതിനായുള്ള ഏകീകൃത മാതൃകയിലുള്ള ബോർഡ് അക്ഷയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകിയിട്ടുണ്ട്. അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിച്ച് ശിക്ഷാ നടപടികളുൾപ്പെടെ സ്വീകരിക്കുന്നതിനും അക്ഷയ ഡയറക്ടർ തലത്തിലും സർക്കാർ തലത്തിലും സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (സി) | ഏതെല്ലാം സേവനങ്ങളാണ് അക്ഷയ വഴി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഓരോ പഞ്ചായത്തിലെയും പ്രധാന കേന്ദ്രങ്ങളിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭിക്കുന്ന സേവനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ ഇപ്പോൾ പരിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ ഓരോ പഞ്ചായത്തിലെയും ആവശ്യകത കണക്കാക്കി കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് ഇനി തടസ്സമില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | സേവനങ്ങൾ |
|---|---|
| 1 | ഇ-ഡിസ്ട്രിക്ട് – 24 ഇനം സർട്ടിഫിക്കറ്റുകൾ |
| 2 | റേഷൻ കാർഡ് സേവനങ്ങൾ |
| 3 | യൂട്ടിലിറ്റി ബിൽ പേയ്മന്റ് |
| 4 | കേരള നോൺ റസിഡന്റ്സ് കേരളൈറ്റ്സ് വെൽഫയർ ബോർഡ് |
| 5 | ഇലക്ഷൻ ഐ ഡി |
| 6 | എഫ്.എസ്.എസ്.എ.ഐ |
| 7 | വിവിധ പ്രവേശന പരീക്ഷ അപേക്ഷകൾ |
| 8 | ന്യൂനപക്ഷ സ്കോളർഷിപ് |
| 9 | പ്രീമെട്രിക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ് |
| 10 | മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ |
| 11 | ജനന/മരണ/വിവാഹ സർട്ടിഫിക്കറ്റുകൾ |
| 12 | എൻക്യൂമ്പറൻസ് സർട്ടിഫിക്കറ്റ് |
| 13 | തൊഴിൽ രജിസ്ട്രേഷൻ |
| 14 | മോട്ടോർ വാഹന വകുപ്പ് |
| 15 | ആദായ നികുതി |
| 16 | പാൻകാർഡ് സേവനങ്ങൾ |
| 17 | മലിനീകരണ നിയന്ത്രണ ബോർഡ് രജിസ്ട്രേഷൻ |
| 18 | ആധാർ എൻട്രോൾമെന്റ്/അപ്ഡേഷൻ |
| 19 | കിയോസ്ക് ബാങ്കിംഗ് |
| 20 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി |
| 21 | ടി-ഗ്രാന്റ്സ് |
| 22 | വെബ് കാസ്റ്റിംഗ് |
| 23 | ലൈഫ് സർട്ടിഫിക്കറ്റ് |
| 24 | പെൻഷൻ മസ്റ്ററിംഗ് |
| 25 | ആർട്ടിസാൻസ് ക്ഷേമനിധി |
| 26 | ന്യൂ ഇന്ത്യ അഷ്വറൻസ് സർവ്വീസുകൾ |

| | |
|---|---|
| 27 | പാസ്പോർട്ട് |
| 28 | ജി.എസ്.ടി |
| 29 | ഇ-ഗ്രാന്റ്സ് |
| 30 | ചിയാക്-ആർ എസ് ബി വൈ രജിസ്ട്രേഷൻ |
| 31 | റെയിൽവെ ടിക്കറ്റിംഗ് |
| 32 | ഫുഡ് സേഫ്റ്റി |
| 33 | ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് സേവനങ്ങൾ |
| 34 | പി.എസ്.സി രജിസ്ട്രേഷൻ |
| 35 | ഖനന ഭൂവിജ്ഞാനീയ വകുപ്പ് സേവനങ്ങൾ |
| 36 | ഇ-മണൽ |
| 37 | ഏകജാലകം |
| 38 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി |
| 39 | ക്ഷീര ജാലകം -ക്ഷീരവികസന ക്ഷേമ വകുപ്പ് |
| 40 | തുണ പോർട്ടൽ |

സെക്ഷൻ ഓഫീസർ